## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3035**

**21.08.2017 - ൽ മറുപടിയ്ക്ക്**

### കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ലഭ്യമാക്കുന്നതിന് സംവിധാനം

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | മറുപടി<br>ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) കർഷകർക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ നേരിട്ട് എത്തിക്കുന്നതിനായി കൃഷി വകുപ്പ് ഒരുക്കിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കാമോ; | എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് കീഴിലുള്ള 8 തെങ്ങിൻ തൈ നഴ്സറികൾ, 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ, 14 സ്പെഷ്യൽ ഫാമുകൾ, 9 ജില്ലാ കൃഷിത്തോട്ടങ്ങൾ എന്നിങ്ങനെ 64 ഫാമുകൾ മുഖേന ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് വിതരണം ചെയ്തു വരുന്നുണ്ട്.<br>തെങ്ങിൻതൈ നഴ്സറികൾ മുഖേന ഗുണമേന്മയുള്ള വിവിധയിനം തെങ്ങിൻ തൈകളും പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും, സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾ വഴി ഗുണമേന്മയുള്ള നെൽവിത്തിനങ്ങളും വിവിധയിനം പച്ചക്കറി വിത്തുകളും പച്ചക്കറി തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്. കൂടാതെ സ്പെഷ്യൽ ഫാമുകൾ വഴിയും ജില്ലാ ഫാമുകൾ വഴിയും ഗുണമേന്മയുള്ള ഫലവർഗ്ഗ വൃക്ഷങ്ങളുടെ ഗ്രാഫ്റ്റുകളും ലെയറുകളും തൈകളും, മേൽത്തരം വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നുണ്ട്. കഴക്കൂട്ടം ബയോടെക്നോളജി ആന്റ് മോഡൽ ഫ്ലോറികൾച്ചർ സെന്റർ, ജില്ലാ കൃഷിത്തോട്ടം തളിപ്പറമ്പ്, ജില്ലാ കൃഷിത്തോട്ടം അഞ്ചൽ എന്നിവിടങ്ങളിൽ മേൽത്തരം ടിഷ്യുകൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്യുന്നുണ്ട്.<br>വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ കീഴിലുള്ള ആലത്തൂർ വിത്തു സംസ്കരണ ശാലയിൽ 120 മെട്രിക് ടൺ പച്ചക്കറി വിത്തുകളും, 10 ലക്ഷം ടിഷ്യുകൾച്ചർ വാഴതൈകളും ഉൽപ്പാദിപ്പിക്കുന്നതിനും നടപടിയെടുത്തിട്ടുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളത്തിന്റെ എറണാകുളം, കാസർഗോഡ്, തിരുവനന്തപുരം എന്നിവിടങ്ങളിലെ കൃഷി ബിസിനസ് കേന്ദ്ര വഴി വിത്തുകളും വാഴതൈകളും വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി ഗുണമേൻമയുള്ള നെൽവിത്ത് രജിസ്റ്റേർഡ് വിത്തുൽപാദന പദ്ധതിയിലൂടെ ഉത്പാദിപ്പിച്ചും നാഷണൽ സീഡ്സ് കോർപ്പറേഷൻ തുടങ്ങിയ ഏജൻസിയുടെ സഹായത്താലും കൃഷിഭവനുകൾ മുഖേന കർഷകർക്ക് എത്തിച്ചു കൊടുക്കുന്നുണ്ട്. വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴയ്ക്ക് സമീപം നടുക്കരയിൽ ഒരു വർഷം 2 കോടി പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കുവാൻ കഴിയുന്ന ഹൈടെക് നഴ്സറി പ്രവർത്തന സജ്ജമായിട്ടുണ്ട്. |
| ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി എത്ര തുക ചെലവഴിച്ചു; ജില്ലാടിസ്ഥാനത്തിൽ വിശദാംശം ലഭ്യമാക്കാമോ? | ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതിനായി ചെലവഴിച്ച തുക അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

### കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

| ക്രമ നം. | ജില്ല | നടീൽ വസ്തുക്കളുടെ ഉല്പാദനം (തുക ലക്ഷത്തിൽ) | അടിസ്ഥാന സൗകര്യ വികസനം (തുക ലക്ഷത്തിൽ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 118.63912 | 3.00 |
| 2 | കൊല്ലം | 19.36562 | 12.97563 |
| 3 | പത്തനംതിട്ട | 39.02855 | 23.08275 |
| 4 | ആലപ്പുഴ | 36.31505 | 18.20128 |
| 5 | കോട്ടയം | 22.66275 | - |
| 6 | ഇടുക്കി | 47.91921 | 51.00 |
| 7 | എറണാകുളം | 21.02175 | - |
| 8 | തൃശ്ശൂർ | 140.87263 | 16.25105 |
| 9 | പാലക്കാട് | 80.61621 | 230.50627 |
| 10 | മലപ്പുറം | 81.25980 | 80.50417 |
| 11 | കോഴിക്കോട് | 148.34089 | - |
| 12 | കണ്ണൂർ | 71.60054 | 19.87195 |
| 13 | കാസർഗോഡ് | 10.56735 | 4.00 |

### വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം

| നം. | ജില്ല | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ആലത്തൂർ വിത്തു സംസ്കരണശാല, പാലക്കാട് | 71 |
| 2 | കൃഷി ബിസ്സിനസ്സ് കേന്ദ്ര/ ഹരിത നഗരി പദ്ധതി, എറണാകുളം | 32 |
| 3 | കൃഷി ബിസ്സിനസ്സ് കേന്ദ്ര, തിരുവനന്തപുരം | 11.5 |
| 4 | കൃഷി ബിസ്സിനസ്സ് കേന്ദ്ര, കാസർഗോഡ് | 8.5 |
| | ആകെ | 123 |

### കേരള സംസ്ഥാന വിത്തു വികസന അതോറിറ്റി

| | |
|---|---|
| കർഷകരിൽ നിന്നും ഫാമുകളിൽ നിന്നും വിത്ത് വാങ്ങിയതിന് ചെലവായ തുക | 27,12,90,327/- രൂപ |
| വിത്ത് വിതരണം നടത്തുന്നതിന് ചെലവായ തുക | 1,10,63,780/- രൂപ |
| വിത്ത് സംസ്കരിക്കുന്നതിന് ചെലവായ തുക | 21,46,441/- രൂപ |
| വിത്ത് നിറക്കുന്ന ചാക്കിന് ചെലവായ തുക | 26,30,460/- രൂപ |
| ആകെ | 28,71,31,008/- രൂപ |

സെക്ഷൻ ഓഫീസർ